# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 666 — 13.07.2012-ൽ മറുപടിക്ക്

## മാതൃ-ശിശു മരണനിരക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>,, എം.പി.വിൻസെന്റ് :<br>,, ജോസഫ് വാഴക്കൻ :<br>,, അൻവർ സാദത്ത് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുന്നതിന് സമഗ്രപദ്ധതി രൂപവത്ക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ഓരോ ജില്ലയിലും രണ്ട് സ്ഥാപനങ്ങൾ വീതം High Dependency Unit ആയി തെരഞ്ഞെടുത്തുകൊണ്ട് മാതൃ-ശിശു സേവന ഉപാധികൾ വർദ്ധിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കി കഴിഞ്ഞു. പ്രസ്തുത പദ്ധതി പ്രകാരം ആവശ്യത്തിന് ഗൈനക്കോളജിസ്റ്റുകൾ, ശിശുരോഗ വിദഗ്ധർ, അനസ്തറ്റിസ്റ്റ്, രക്തബാങ്കുകൾ, നവീകരിച്ച ഓപ്പറേഷൻ തീയേറ്റർ, ന്യൂബോൺ കെയർ സംവിധാനം, ട്രാൻസ്പോർട്ട് ഫെസിലിറ്റി എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനുപുറമേ സെൻട്രൽ ഗവൺമെന്റ് പദ്ധതിയായ 'ജനനി ശിശു സുരക്ഷ കാര്യക്രം' (ജെ.എസ്.എസ്.കെ) ഈ വർഷം നിലവിൽ വരുന്നതോടെ സർക്കാർ ആശുപത്രികളിൽ സിസേറിയൻ/സാധാരണ പ്രസവം, അൾട്രാ സൗണ്ട് സ്കാൻ, രക്ത പരിശോധന, ഭക്ഷണം, മരുന്നുകൾ, നവജാത ശിശു പരിചരണം എന്നിവ തികച്ചും സൗജന്യമായി എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും നൽകുന്നതാണ്. |
| (ബി) ഗർഭിണികളെ പ്രസവ ആശുപത്രികളിൽ അടിയന്തിരമായി എത്തിക്കുന്നതിനുള്ള ആംബുലൻസ് സംവിധാനം പദ്ധതിയിൽ ഉൾപ്പെടുത്തുമോ ; | (ബി) ജെ.എസ്.എസ്.കെ പദ്ധതി പ്രകാരം ഗർഭിണികളെ വീടുകളിൽ നിന്നും ആശുപത്രിയിലേക്കും ആശുപത്രിയിൽ നിന്ന് റെഫർ ചെയ്യുകയാണെങ്കിൽ മറ്റ് ആശുപത്രികളിലേക്കും, ആശുപത്രിയിൽ നിന്നും വീട്ടിലേക്കുമുള്ള ട്രാൻസ്പോർട്ടേഷൻ സൗജന്യമായി സംഘടിപ്പിക്കേണ്ട പദ്ധതി പരിഗണനയിലാണ്. |
| (സി) എല്ലാ സർക്കാർ ആശുപത്രികളിലും ഈ പദ്ധതി നടപ്പാക്കുമോ ; | (സി) ഈ പദ്ധതി പ്രസവ സൗകര്യം ഉള്ള എല്ലാ സർക്കാർ ആശുപത്രികളിലും ഘട്ടംഘട്ടമായി നടപ്പാക്കാനാണുദ്ദേശിക്കുന്നത്. |
| (ഡി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇത് നടപ്പാക്കുന്നത് ? | (ഡി) കേന്ദ്ര-സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പുകൾ, എൻ.ആർ.എച്ച്.എം എന്നിവ വഴിയാണ് ഇത് നടപ്പാക്കുന്നത് |

സെക്ഷൻ ഓഫീസർ